LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാന സൗകര്യ വികസനം, ഗ്രാമീണ മാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, മാനവവിഭവശേഷി വികസനം എന്നിവയാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ. മാവ്, വാഴ, കൈതച്ചക്ക, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, കറുവപ്പട്ട, ഗ്രാമ്പൂ, കൂശുമാവ്, കൊക്കോ, പുഷ്പങ്ങൾ എന്നീ വിളകളാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾ. ഇതുകൂടാതെ കൂൺ കൃഷിയും തേനീച്ച വളർത്തലും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരളയുടെ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നത് കൃഷിവകുപ്പ് മന്ത്രി ചെയർമാനായുള്ള ഗവേണിംഗ് ബോഡിയാണ്. ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളുന്നത് കാർഷികോത്പാദന കമ്മീഷണർ ചെയർമാനും മിഷൻ ഡയറക്ടർ, മെമ്പർ സെക്രട്ടറിയുമായുള്ള സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ്. ജില്ലാതലത്തിലുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നത് ജില്ലാ കളക്ടർ ചെയർമാനും പ്രിൻസിപ്പൽ കൃഷി ഓഫീസർ വൈസ് ചെയർമാനും കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഹോർട്ടിക്കൾച്ചർ) മെമ്പർ സെക്രട്ടറിയുമായിട്ടുള്ള ജില്ലാതല കമ്മിറ്റിയാണ്.

കാർഷിക സർവ്വകലാശാലയിൽ ഇ-ഗവേണൻസ്

134 (5484) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിൽ ഇ-ഗവേണൻസ് നടപ്പാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാർഷിക സർവ്വകലാശാലയെ പൂർണ്ണമായും കടലാസ് രഹിത സർവ്വകലാശാലയാക്കുക എന്ന ഉദ്ദേശത്തോടെ, കേരള കാർഷിക സർവ്വകലാശാലയിലെ പ്രവർത്തനങ്ങളെയും ഡിജിറ്റലൈസ് ചെയ്യുക, ഭരണനിർവ്വഹണം, ഗവേഷണം, ധനകാര്യവിഭാഗം, അക്കാദമിക് തുടങ്ങിയ പ്രധാന പ്രവർത്തന മേഖലയിലെ പ്രവർത്തനങ്ങൾ ഡിജിറ്റലൈസ് ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കൂടാതെ ഭരണനിർവ്വഹണം, വിദ്യാർത്ഥികളുടെ സേവന സംബന്ധമായ ആവശ്യങ്ങൾ എന്നിവ കൂടാതെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പെൻഷൻകാരുടെയും കർഷകരുടെയും ആവശ്യങ്ങൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ചെയ്യുക, സർക്കാർ വകുപ്പുകളുമായും മറ്റ് സർവ്വകലാശാലകളുമായും ഗവേഷണ സ്ഥാപനങ്ങളുമായുമുള്ള ഇടപാടുകൾ കാര്യക്ഷമമാക്കുക, ഓൺലൈൻ ആയി തന്നെ വിവരങ്ങൾ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

മൃഗസംരക്ഷണ വകുപ്പിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുക

135 (5485) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ മൃഗ സംരക്ഷണ വകുപ്പിൽ വകയിരുത്തിയിരുന്ന തുകയെത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ തുക ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപ വീതം വകയിരുത്തിയിട്ടുണ്ട് ; ഇതിൽ എത്ര രൂപയാണ് ചെലവാക്കാനായതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ മൃഗസംരക്ഷണ വകുപ്പിന് വകയിരുത്തിയിരുന്നത് 21177.03 ലക്ഷം രൂപയാണ്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly